പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2901

18.06.2019-ൽ മറുപടിക്ക്

## ഗതാഗത യോഗ്യമല്ലാത്ത പാലങ്ങൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പ്രളയത്തെ തുടർന്ന് വലിയ തോതിൽ നാശം സംഭവിച്ച് ഗതാഗത യോഗ്യമല്ലാതായി തീർന്ന ചാർപ്പപാലം, വെറ്റിലപ്പാറപ്പാലം എന്നിവയും, കാലപ്പഴക്കത്തിൽ തകർന്ന പുകലപ്പാറ, ആനക്കയം, കണ്ണംകുഴി, മേച്ചിറ, മറ്റത്തൂർ എന്നിവിടങ്ങളിലെ പാലങ്ങളും അടിയന്തരമായി പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ? | (ബി) **ചാർപ്പപ്പാലം**<br>ചാർപ്പപ്പാലത്തിന് 90 ലക്ഷം രൂപയുടെ ഭരണാനുമതി ടൂറിസം വകുപ്പിൽ നിന്നും ലഭിച്ചു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായാലുടനെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.<br>**വെറ്റിലപ്പാറ പാലം**<br>വെറ്റിലപ്പാറ പാലത്തിന്റെ പുനരുദ്ധാരണത്തിനായി 1.84 കോടി രൂപ ഭരണാനുമതി നൽകുകയും ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

**പുകലപ്പാറ**

പുനർനിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഉടനെ തന്നെ റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആനക്കയം പാലം**

പുനർനിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഉടനെ തന്നെ റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കണ്ണംകുഴിപ്പാലം**

പുനർനിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. കണ്ണംകുഴി പാലത്തിന്റെ ഡിസൈൻ പൂർത്തീകരിച്ച് റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മേച്ചിറ പാലം**

പുനർനിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെന്റേറ്റിവ് ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഉടനെ തന്നെ ജനറൽ ഡിസൈൻ ലഭിക്കുന്നതിന് ഫീസിബിലിറ്റി റിപ്പോർട്ട് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മറ്റത്തൂർ പാലം**

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ